പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി (വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ
തിരുവനന്തപുരം- 695001
ഫോൺ:- 0471-2325323
e-mail: dirvhse.dge@kerala.gov.in

**നമ്പർ: ഇ6/5543/2021** **തീയതി, 22/11/2023.**

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻസ് ഓഫീസർ
പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം.

സർ

വിഷയം : പൊതുവിദ്യാഭ്യാസം-വി.എച്ച്.എസ്.ഇ-ജീവനക്കാര്യം- എസ്,എച്ച്.എം ജി.വി.എച്ച്.എസ് എടവണ്ണ സ്കൂളിലെ വൊക്കേഷണൽ ഇൻസ്ട്രക്ടർ (മെഡിക്കൽ ലബോറട്ടറി ടെക്നിഷ്യൻ) ശ്രീ.അബ്ദുൾ ലത്തീഫ്.പി - കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റാതിരുന്നത് - പത്രക്കുറിപ്പ് നൽകുന്നത് -സംബന്ധിച്ച്

സൂചന : ഈ ഓഫീസിൽ നിന്നുള്ള 20.06.2023 തീയതിയിലെ ഇതേ നമ്പർ ചാർജ്ജ് മെമ്മോ

അനധികൃത ഹാജരില്ലായ്മയ്ക്ക്, പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം) വകുപ്പിലെ, മലപ്പുറം ജില്ലയിലെ, എസ്.എച്ച്.എം ജി.വി.എച്ച്.എസ് എടവണ്ണ സ്കൂളിലെ മെഡിക്കൽ ലബോറട്ടറി ടെക്നിഷ്യൻ വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയ ശ്രീ.അബ്ദുൾ ലത്തീഫ്.പി യ്ക്കെതിരേയുള്ള കാരണം കാണിക്കൽ നോട്ടീസ് സംബന്ധിച്ച്, ഉള്ളടക്കം ചെയ്തിട്ടുള്ള വിൻഡോ അഡ്വർട്ടൈസ്മെന്റ് കേരളത്തിലെ രണ്ട് പ്രമുഖ മലയാളം ദിനപത്രങ്ങളിൽ എല്ലാ എഡിഷനിലും 22/04/2014 ലെ G.O(Ms) No.7/2014/Vig പ്രകാരം പ്രസിദ്ധീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

N.S.23/11/23

## അനുബന്ധം എച്ച് -4

## നോട്ടീസ്
## (53 (4) -ാം ഖണ്ഡിക)

ശ്രീ.അബ്ദുൾ ലത്തീഫ്.പി, വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ, എസ്.എച്ച്.എം ജി.വി.എച്ച്.എസ്.എസ് എടവണ്ണ, മലപ്പുറം എന്ന വ്യക്തിയെ അറിയിക്കുന്നതെന്തെന്നാൽ, അനധികൃത ഹാജരില്ലായ്മയ്ക്ക്, 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ശിക്ഷണ നടപടി താങ്കൾക്കെതിരെ എടുക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ അത് കാണിക്കുന്ന താങ്കളുടെ പ്രതിവാദപത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ താങ്കളോട് നിർദ്ദേശിച്ച്കൊണ്ട്, 20/06/2023 തീയതിയിലെ ഇ6/5543/2021 നമ്പർ പ്രകാരം, കാരണം കാണിക്കൽ നോട്ടീസ്, എസ്.എച്ച്.എം ജി.വി.എച്ച്.എസ് സ്കൂൾ പ്രിൻസിപ്പാൾ മുഖേന, ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള താങ്കളുടെ മേൽവിലാസത്തിൽ അയച്ചിരുന്നു. എന്നാൽ താങ്കൾ കാരണം കാണിക്കൽ നോട്ടീസ് കൈപ്പറ്റുകയോ, ആയതിന് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കളുടെ പ്രതിവാദപത്രികയോ, മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ വിഷയത്തിൽ യാതൊരുവിധ വിശദീകരണങ്ങളും നൽകുവാനില്ലെന്നുള്ള അനുമാനത്തിൽ അതിനനുസൃതമായുള്ള തുടർനടപടികൾ എടുക്കുന്നതാണ്. കുറ്റാരോപണങ്ങളുടെ പകർപ്പുകൾ പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടറേറ്റിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിലോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

ശ്രീ.അബ്ദുൾ ലത്തീഫ്.പി
s/o അഹമ്മദ് കുട്ടി
പുലാത്ത് ഹൗസ്
കാട്ടുമുണ്ട
നടുവത്ത് പോസ്റ്റ്
മലപ്പുറം – 679328

## <u>അനുബന്ധം എച്ച് - 5</u>

പൊതു വിദ്യാഭ്യാസ വകുപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ - തിരുവനന്തപുരം

മലപ്പുറം ജില്ലയിലെ, എടവണ്ണ, എസ്.എച്ച്.എം ജി.വി.എച്ച്.എസ് സ്കൂളിലെ മെഡിക്കൽ ലാബോറട്ടറി ടെക്നിഷ്യൻ വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയ ശ്രീ.അബ്ദുൾ ലത്തീഫ്.പി, 19/10/2021 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിനാൽ ടിയാൾക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കാതിരിക്കുവാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം പൊതുവിദ്യാഭ്യാസ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം) ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ചാർജ് മെമ്മോ, <u>www.vhseportalkerala.gov.in</u> എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ

N.S.